പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2485

20.06.12ൽ മറുപടിയ്ക്ക്

മലബാർ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലബാർ ടൂറിസം വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മലബാർ ടൂറിസം വികസനത്തിനായി ഈസ്റ്റേൺ കോറിഡോർ, നിള പൈതൃക ടൂറിസം സർക്യൂട്ട്, വയനാട് ടൂറിസം സർക്യൂട്ട്, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയ്ക്കു പുറമേ ബേക്കലിന്റെ പ്രത്യേക വികസനത്തിനുള്ള പദ്ധതികളും നടന്നു വരുന്നു. |
| (ബി) | ഉത്തരവാദിത്വത്തിന്റെ ഭാഗമായി തദ്ദേശവാസികളെ ഗുണഭോക്താക്കൾ ആക്കിയും പ്രദേശത്തിന്റെ പങ്കാളിത്തവും വികസനവും ഉറപ്പാക്കിയിട്ടുള്ളതുമായ നയപരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (ബി) | പരിഗണിയ്ക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം ടൂറിസം മേഖലയ്ക്കാണ് പ്രസ്തുത പദ്ധതികളിൽ ഊന്നൽ നൽകാനുദ്ദേശിയ്ക്കുന്നത്; | (സി) | കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഉത്തരവാദിത്വ ടൂറിസം പദ്ധതി കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ എന്നീ കേന്ദ്രങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടികളെടുത്തു വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഉത്തരവാദിത്വ ടൂറിസം പദ്ധതി പുതിയ മണ്ഡലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം സേവന ദാതാക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവരുമായി സഹകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ